# ഇസ്‌ലാമിലെ ആരാധനകളും സ്വഭാവവും

**വിശ്വാസത്തെപ്പോലെതന്നെ ആരാധനകൾക്കും സ്വാഭാവവുമായി അഭേദ്യമായ ബന്ധമുണ്ട്**

**സ്വഭാവപരമായ ലക്ഷ്യങ്ങളും ഇസ്‌ലാമിലെ ആരാധനകൾക്കുണ്ട്**

**നമസ്കാരത്തെക്കുറിച്ച്**

وأقم الصلاة، إن الصلاة تنهى عن الفحشاء والمنكر(29:45)

إِنَّمَا أَتَقَبَّلُ الصلاةَ مِمَّنْ تَوَاضَعَ بِهَا لِعَظَمَتِي وَلَمْ يَسْتَطِلْ عَلَى خَلْقِي وَلَمْ يَبِتْ مُصِرًّا عَلَى مَعْصِيَتِي وَقَطَعَ النَّهَارَ فِي ذِكْرِي وَرَحِمَ الْمَسَاكِينَ وَابْنَ السَّبِيلِ وَالأَرْمَلَةِ وَرَحِمَ الْمُصَابَ (البراز)

(എന്റെ മുന്നിൽ വിനയാന്വിതനും എന്റെ സൃഷ്ടികളെ മാനിക്കുന്നവനും എന്നെ ധിക്കരിച്ച് പാപം ചെയ്യാത്തവനും എന്നെ സ്മരിച്ച് ദിവസം കഴിച്ച് കൂട്ടുന്നവനും പാവങ്ങളോടും വഴിപോക്കരോടും അശരണരോടും കഷ്ടപ്പെടുന്നവരോടും ദയാപൂർവ്വം പെരുമാറുന്നവനുമായവന്റെ നമസ്കാരം മാത്ര മാണ് ഞാൻ സ്വീകരിക്കുക))

مَنْ لَمْ تَنْهَهُ صَلَاتَهُ عَنْ الفَحْشَاءِ، فَلَا صَلَاةَ لَهُ

(ആരുടെ നമസ്കാരമാണോ അവനെ മ്ലേച്ഛതയിൽനിന്ന് തടയാത്തത് അവന് നമസ്കാരമില്ല)

**സകാത്തിനെക്കുറിച്ച്**

خذ من أموالهم صدقة تطهرهم وتزكيهم بها(التوبة:103)

**നോമ്പിനെക്കുറിച്ച്**

1. يا أيها الذين آمنوا كتب عليكم الصيام كما كتب على الذين من قبلكم لعلكم تتقون
2. "مَن لَمْ يَدْعُ قَوْلَ الزُورِ وَالعَمَلَ بِهِ، فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ
   **മോശമായ സംസാരവും കർമ്മവും ഉപേക്ഷിക്കാത്തവനാരോ, അവൻ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് ഒരാവശ്യവുമില്ല**
3. "كَمْ مِنْ صَائِمٍ لَيْسَ لَهُ مِنْ صِيَامِهِ إِلَّا الجُوعُ وَالعَطَشُ".

(വിശപ്പും ദാഹവും മാത്രം ലഭിക്കുന്ന എത്രയെത്ര നോമ്പുകാരാണുള്ളത്)

**ഹജ്ജിനെക്കുറിച്ച്**

الحج أشهر معلومات، فمن فرض فيهن الحج فلا رفث ولا فسوق ولا جدال في الحج (البقرة:197)

**മുഫ്‌ലിസിനെ(പാപ്പരായവൻ)ക്കുറിച്ച് പറഞ്ഞ ഹദീസ് ഇവിടെ ശ്രദ്ധേയമാണ്.**

أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ أَتَدْرُونَ مَا الْمُفْلِسُ قَالُوا الْمُفْلِسُ فِينَا مَنْ لَا دِرْهَمَ لَهُ وَلَا مَتَاعَ فَقَالَ إِنَّ الْمُفْلِسَ مِنْ أُمَّتِي يَأْتِي يَوْمَ الْقِيَامَةِ بِصَلَاةٍ وَصِيَامٍ وَزَكَاةٍ وَيَأْتِي قَدْ شَتَمَ

هَذَا وَقَذَفَ هَذَا وَأَكَلَ مَالَ هَذَا وَسَفَكَ دَمَ هَذَا وَضَرَبَ هَذَا فَيُعْطَى هَذَا مِنْ حَسَنَاتِهِ وَهَذَا مِنْ حَسَنَاتِهِ فَإِنْ فَنِيَتْ حَسَنَاتُهُ قَبْلَ أَنْ يُقْضَى مَا عَلَيْهِ أُخِذَ مِنْ خَطَايَاهُمْ فَطُرِحَتْ عَلَيْهِ ثُمَّ طُرِحَ فِي النَّارِ

(നബി(സ) അനുചരൻമാരോട് ചോദിച്ചു: ആരാണ് പാപ്പരായവൻ എന്ന് നിങ്ങൾക്കറിയാമോ ?. അവർ പറഞ്ഞു: ഞങ്ങളിൽ ദീനാറും ദിർഹമുമില്ലാത്ത, ഒരു ചരക്കുമില്ലാത്തവനാണ് പാപ്പരായ വൻ. നബി(സ) പറഞ്ഞു: എന്റെ സമുദായത്തിലെ പാപ്പരായവൻ, ധാരാളം നമസ്കാരവും നോമ്പും സകാതുമായി അന്ത്യദിനത്തിൽ വരുന്ന ഒരുത്തനാണ്.എന്നാൽ അവൻ ഒരാളെ ചീത്ത പറഞ്ഞു മറ്റൊരുത്തന്റെ സമ്പത്ത് അനർഹമായി ഭുജിച്ചു,വേറൊരുത്തന്റെ രക്തം ചിന്തി,മറ്റൊ രാളെ അടിച്ചു, അങ്ങനെ ഓരോരുത്തർക്കും അയാളുടെ നന്മ പകരമായി നൽകും ബാധ്യത തീരു ന്നതിന് മുമ്പ് അയാളുടെ നന്മ തീർന്നാൽ അവരുടെ തിന്മ ഇയാളിൽ ചാർത്തും. അങ്ങനെ അയാൾ നരകത്തിലെറിയപ്പെടും)

**മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം**

وَرَدَ عَنْ النَّبِي (ص) أَنَّ رَجُلًا قَالَ لَهُ :يا رسول الله إنَّ فُلَانَةٌ تُذْكَرُ مِنْ كَثْرَةِ صَلاتِها وصِيَامِها و صَدَقَتِها غَيْرَ انَّهَا تُؤْذِي جِيرَانَهَا بِلِسَانِهَا فَقَالَ: هِيَ فِي النَّارِ. ثُمَّ قَالَ: يَا رَسُولَ الله فُلاَنَةٌ تُذْكَرُ مِنْ قِلَّةِ صَلاتِها وصِيامِها وَإِنَّهَا تَتَصَدَّقُ بِالاثْوَارِ مِنْ الاَقِطِ بِالقِطَعِ مِنَ الجُبْنِ وَلاَ تُؤْذِي جِيرَانَهَا .قَالَ: هِيَ فِي الجَنَّةِ(احمد)

(ഒരാൽ നബിയോട് പറഞ്ഞു: പ്രവാചകരെ, അയൽവാസികളെ നാവു കൊണ്ട് ഉപദ്രവിക്കുന്ന,എ ന്നാൽ നമസ്കാരത്തിന്റെയും നോമ്പിന്റെയും ദാന ധർമ്മത്തിന്റെയും കാര്യത്തിൽ പ്രശസ്തി യാർജ്ജിച്ച ഒരു സ്ത്രീയുണ്ട്. നബി പറഞ്ഞു: അവൾ നരകത്തിലാണ്. അദ്ദേഹം പറഞ്ഞു: മറ്റൊരു സ്ത്രീ അവൾ നമസ്കാരം നോമ്പ് എന്നിയവയിൽ അറിയപ്പെടാറില്ല, പാൽകട്ടി ദാനം ചെയ്യാറുണ്ട് എന്നാൽ അയൽവാസികളെ ഉപദ്രവിക്കാറില്ല. നബി പറഞ്ഞു: അവൾ സ്വർഗ്ഗത്തിലാണ്.)

**ആരാധനകൾ അല്ലാഹുവിനോടുള്ള ബന്ധമാണ്.അത് ഊട്ടി ഉറപ്പിക്കപ്പെടണ മെന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് സൃഷ്ടികളോടുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ എല്ലാം സ്വീകരിക്കുക.**

**കാരുണ്യത്തെക്കുറിച്ച് നബി(സ) പഠിപ്പിച്ചു**

إِرْحَمُوا مَنْ فِي الأَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ

(ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക, ആകാശത്തുള്ളവൻ നിങ്ങളോടും കരുണ ചെയ്യും)

**പാപമോചനം ലഭിക്കാൻ സൃഷ്ടികളോട് വിട്ട് വീഴ്ചയോടെ പെരുമാറു കയാണ് വേണ്ടതെന്ന് ഖുർആൻ പഠിപ്പിക്കുന്നു.**

.....وليعفوا وليصفحوا ألآ تحبون أن يغفر الله لكم.....(النور:22)

عن أبي هريرة -رضي الله تعالى عنه- عن النبي صلى الله عليه وسلم- قال مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرَبِ الدُّنْيَا؛ نَفَّسَ الله عَنْهُ كُرْبَةً مِنْ كُرَبِ يومِ القِيَامَةِ، وَمَنْ يَسَّرَ

عَلَى مُعْسِرٍ يَسَّرَ الله عَلَيْهِ فِي الدُّنْيَا والآخرة، وَمَنْ سَتَرَ مُسْلِمًا سَتَرَهُ الله في الدنيا والآخرة، واللهُ فِي عَوْنِ العَبْدِ ما كان العَبْدُ فِي عَوْنِ أَخِيهِ...............رواه مسلم

(നബി(സ) പറഞ്ഞു: ആർ വിശ്വാസിയുടെ ഐഹിക ജീവിതത്തിലെ ഒരു പ്രയാസം ദൂരീകരിച്ചുവോ, അവന്റെ അന്ത്യദിനത്തിലെ ഒരു പ്രയാസം അല്ലാഹു ദൂരികരിക്കും.പ്രയാസമനുഭവിക്കുന്നവന് സൗകര്യം ചെയ്ത് കൊടുത്തവന് ആഖിറത്തിലും ദുൻയാവിലും അല്ലാഹു എളുപ്പം നൽകും.മുസ്ലിമിന്റെ ന്യൂനത മറച്ച് വെച്ചന്റെ ന്യൂനത ആഖിറത്തിലും ദുൻയാവിലും അല്ലാഹു മറച്ച് വെക്കും, തന്റെ സഹോദരനെ സഹായിച്ച് കൊണ്ടിരിക്കുമ്പോഴെല്ലാം അല്ലാഹു തന്റെ അടിമയെ സഹായിച്ച് കൊണ്ടിരിക്കും)

**സൃഷ്ടികളോടുള്ള ബന്ധത്തെയാണ് സ്വഭാവം പ്രതിനിധീകരിക്കുന്നത്. അതിനാൽ അതനുസരിച്ചായിരിക്കും അല്ലാഹു അവനുമായുള്ള നമ്മുടെ ബന്ധം സ്വീകരിക്കുക.**

**അല്ലാഹുവുമായുള്ള ബന്ധത്തിൽ പ്രധാനമാണ് ആരാധനാ കർമ്മങ്ങൾ. അതിനാൽ ആരാധനക്ക് സ്വാഭാവവുമായുള്ള ബന്ധം സാഭാവികമാണ്. സ്വഭാവം കൂടി പരിഗണിച്ച് നമ്മുടെ ആരാധനകളുടെ സ്വീകാര്യത വിലയിരുത്താൻ നമുക്ക് കഴിയണം.**

**തയ്യാറാക്കിയത്: മാലിക് ശബാസ്. കെ**